പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *27 28/10/2019-ൽ മറുപടിക്ക്**

**ചോദ്യം**

**ഡോ.എം. കെ. മുനീർ**
**ശ്രീ.ടി.എ.അഹമ്മദ് കബീർ**
**ശ്രീ. പി.കെ.അബ്ദു റബ്ബ്**
**ശ്രീ. കെ.എം.ഷാജി**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസ് സേനയിലെ വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ അനുവദനീയമായ അംഗബലം അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള അംഗബലം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് ക്രമസമാധാന പരിപാലനത്തിനും ജനങ്ങളുടെ സൈ്വര്യജീവിതം ഉറപ്പാക്കുന്നതിനുമുള്ള ശക്തമായ ഇടപെടലാണ് സർക്കാർ നടപ്പാക്കിയത്. പോലീസ് സേനയിലെ പോരായ്മകൾ പരിഹരിച്ച് ഉയർന്ന ഉദ്യോഗസ്ഥർ മുതൽ താഴ്ന്ന വിഭാഗം ജീവനക്കാർവരെയുള്ളവരുടെ കാര്യക്ഷമമായ സേവനം ഉറപ്പുവരുത്തുന്നതിന് ക്രിയാത്മകമായ നടപടികളാണ് സർക്കാർ സ്വീകരിച്ചത്.<br>• ക്രമസമാധാന പരിപാലനത്തിനായി ഒരു എ.ഡി.ജി.പി.യെയും രണ്ട് ഐ.ജി. മാരേയും നിയോഗിച്ചു. ഇതിനു പുറമേ, നാല് മേഖലകളിലായി ഡി.ഐ.ജി. മാരെ ചുമതലപ്പെടുത്തി. തിരുവനന്തപുരത്തും കൊച്ചിയിലും ഐ.ജി. മാരെ കമ്മീഷണർമാരായി നിയമിച്ചു.<br>• സംസ്ഥാനത്തെ 471 പോലീസ് |
| (ബി) | സംസ്ഥാന പോലീസ് സേനയിൽ കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും | | |

| | | |
|---|---|---|
| | ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | സ്റ്റേഷനുകളിലും സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചു.<br>• പുതുതായി 13 പോലീസ് സ്റ്റേഷനുകളും 4 തീരദേശ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചു. 6 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കി മാറ്റി.<br>• പയ്യന്നൂരും താനൂരും പതിയ കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി.<br>• ട്രാഫിക് പോലീസ് സ്റ്റേഷനുകളേയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി കാര്യക്ഷമമായ ട്രാഫിക് നിയന്ത്രണം ഉറപ്പാക്കി.<br>• തീരദേശവാസികളായ 177 പേർക്ക് കോസ്റ്റൽ വാർഡൻമാരായി നിയമനം നൽകി. പ്രത്യേക നിയമനം വഴി ആദിവാസി വിഭാഗത്തിൽപ്പെട്ട 78 പേരെ പോലീസ് സേനയിൽ നിയമിച്ചു.<br>• സംസ്ഥാന വ്യവസായ സുരക്ഷാസേന വിപുലീകരിച്ച് കൊച്ചി മെട്രോയുടെ സുരക്ഷാ സംവിധാനം ഏറ്റെടുത്തു.<br>• ജില്ലാടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ടുമാരെ ചുമതലക്കാരായി നിയമിച്ചുകൊണ്ട് ക്രൈം ബ്രാഞ്ച് പുന:സംഘടിപ്പിച്ചു.<br>• സങ്കീർണ്ണവും അന്തർ സംസ്ഥാന വ്യാപകവുമായ |

| | | | |
|---|---|---|---|
| | | | കേസുകൾ കൈകാര്യം ചെയ്യുന്നതിന് നാല് സെൻട്രൽ യൂണിറ്റുകൾ ക്രൈം ബ്രാഞ്ചിൽ ആരംഭിച്ചു.<br>• ഐ.ആർ. ബറ്റാലിയന്റെ കമാന്റോ വിഭാഗത്തിൽ 210 തസ്തികകൾ സൃഷ്ടിച്ചു.<br>• വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 451 തസ്തിക അടങ്ങുന്ന ഒരു പുതിയ ബറ്റാലിയൻ ആരംഭിച്ചു.<br>• മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഏഴ് പോലീസ് സ്റ്റേഷനുകൾക്ക് 216 തസ്തികകൾ അനുവദിച്ചു നൽകി.<br>• നാല് റവന്യൂ ജില്ലകളിൽ പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുമുണ്ട്.<br>• തിരുവനന്തപുരത്തുള്ള സൈബർ ക്രൈം പോലീസ് സ്റ്റേഷനു പുറമേ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചു.<br>• 268 സബ് ഇൻസ്പെക്ടർ തസ്തിക ഇൻസ്പെക്ടർ തസ്തികയായി ഉയർത്തി അനുവദിച്ചതിനുപുറമേ 2742 സ്ഥിര തസ്തികകളും 240 താൽക്കാലിക തസ്തികകളും സൃഷ്ടിക്കുകയും 1873 താൽക്കാലിക തസ്തികകൾക്ക് തുടരാൻ അനുമതി നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | • സമയബന്ധിതമായി ശാസ്ത്രീയമായ കുറ്റാന്വേഷണം ഉറപ്പാക്കുന്നതിനുതകും വിധം ഫോറൻസിക് സയൻസ് ലാബുകളിൽ 59 വിവിധ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ യഥാസമയം നികത്തുവാൻ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പോലീസ് സേനയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ചു നൽകുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക നില തടസ്സമാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ആവശ്യമാണെന്നു ബോധ്യപ്പെടുന്ന സാഹചര്യത്തിൽ അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായി തീരുമാനിക്കുന്നതാണ്.<br>പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി പോലീസ് സേനയിൽ കാലോചിതമായ പരിഷ്കാരങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.<br>ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras) , വെഹിക്കിൾ മൗണ്ട്ഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം |

| | | | |
|---|---|---|---|
| | | | (Vehicle Mounted GPS Systems), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്രൂസ് ബസ്സ് (ആൽക്കഹോൾ/ഡ്രഗ്ഗ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br>കൂടാതെ താഴെ പറയുന്ന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ, ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ, സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത്വം വികസിപ്പിക്കൽ, പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഫർണിച്ചറും വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കൽ, പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം, എമർജൻസി റെസ്പോൺസ് സിസ്റ്റം പൂർണ്ണതോതിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ, എന്നിവ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ